ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതിൽ അർദ്ധസത്യം ഇല്ലാതില്ല. നിയമം നടപ്പിലാക്കുമ്പോഴും ഗവൺമെന്റു മാതൃകാപരമായിരിക്കണം.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഗവൺമെന്റു മാത്രമല്ല, പ്രതിപക്ഷവും, പ്രതിപക്ഷനേതാവുമെല്ലാം മാതൃകാപരമായിരിക്കണം.

ശ്രീ. കെ. എം. മാണി: പ്രതിപക്ഷനേതാവാകട്ടെ. മന്ത്രിമാർ ആകട്ടെ മാതൃകാപരമായി സ്പീഡു കുറച്ചു പോകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്ക്കരിക്കാൻ നിയുക്തമായ കമ്മിറ്റിയുടെ റിപ്പോർട്ട്

*290 [306] ശ്രീ. എം. വി. രാഘവൻ:

,, ടി. കെ. രാമകൃഷ്ണൻ:

,, എം. കെ. കൃഷ്ണൻ:

,, പിണറായി വിജയൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്ക്കരിക്കാൻ നിയുക്തമായ കമ്മിറ്റി അതിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചത് എന്നു പറയാമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്നത്തേക്കു സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ;

(ഡി) ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് ആകെ എത്ര രൂപ ചെലവായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) 1973 ഡിസംബർ.

(ബി,സി) റൂൾസ് റിവിഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ വായ്പാ ചട്ടങ്ങളിൻമേൽ വേണ്ട ഉത്തരവുകൾ ഗവൺമെന്റ് പുറപ്പെടുവിച്ചു കഴിഞ്ഞു. മറ്റു സർവ്വീസ് ചട്ടങ്ങളിൻമേലുള്ള ശുപാർശകൾ ഗവൺമെന്റിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ പരിശോധനയിലാണ്. താമസം വിനാ അതിൻമേലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. എം. വി. രാഘവൻ: 1973-ൽ കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു എന്നാണ് പറയുന്നത്. അതിലെ ശുപാർശകൾ എന്തൊക്കെയാണ്. അതിൽ പ്രധാനപ്പെട്ട ഏതെല്ലാം ശുപാർശകൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. കെ. വാസുദേവൻനായർ: കമ്മിറ്റി താഴെ പറയുന്ന നിയമങ്ങളിൽ പല മാറ്റങ്ങളും ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്.

"The Kerala General Provident Fund Rules
The Kerala House Building Advance Rules
The Kerala Service Rules, Part I and II
Civil Services D. C. R. Benefit Rules
Kerala Employees Medical Attendance Rules
Kerala Government Servants Conduct Rules
Kerala Civil Services Discipline And Appeal Rules
Kerala State Subordinate Service Rules"

ഇത്രയും നിയമങ്ങളെ സംബന്ധിച്ച് പല ഭേദഗതികളും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ആ ഭേദഗതികൾ എന്തൊക്കെയാണെന്ന് ഇപ്പോൾ വിശദീകരിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതിൽ ഞാൻ ഇവിടെ പറഞ്ഞത് ഭവനനിർമ്മാണ വായ്പയെ സംബന്ധിച്ച ചില ഭേദഗതികൾ ശുപാർശ ചെയ്തിരുന്നു. അത് ഗവൺമെൻറ് ചർച്ച ചെയ്ത് ഒരു തീരുമാനം എടുത്തു ഉത്തരവും പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. നിർഭാഗ്യവശാൽ മറ്റു കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും വളരെ കൂടുതൽ കാലതാമസമുണ്ടായി എന്നുള്ളതു പരമാർത്ഥമാണ്. എത്രയും പെട്ടെന്ന് ബാക്കിയുള്ള ശുപാർശകളിൻമേൽ ഒരു തീരുമാനമെടുത്തു നടപ്പാക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: റിപ്പോർട്ടു മൊത്തത്തിൽ ഗവൺമെൻറു അംഗീകരിച്ചോ. അതു നടപ്പിൽ വരുത്തുമെന്നാണോ തീരുമാനം. അതു നടപ്പിൽ വരുത്തുമെങ്കിൽ എത്ര കാലത്തിനകം കോൺഡക്ററു റൂളിനു നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയനുസരിച്ച് രാഷ്ട്രീയ സ്വാതന്ത്ര്യം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: റിപ്പോർട്ടിലെ ശുപാർശകൾ അതേപടി അംഗീകരിക്കുമെന്നു എനിക്ക് ഇപ്പോൾ പറയാൻ പറ്റുകയില്ല. കാരണം അതിൽ പലതും പരിശോധനയിൽ ഇരിക്കുകയാണ്. പരിശോധനയ്ക്കുശേഷം ക്യാബിനറ്റിൽ വന്ന് തീരുമാനം എടുക്കുമ്പോൾ മാത്രമേ ഏതൊക്കെ ശുപാർശകൾ സ്വീകരിക്കാൻ കഴിയും എന്ന് പറയാൻ പറ്റുകയുള്ളു. കഴിയുന്നത്ര ജീവനക്കാർക്ക് സഹായകരമായ ശുപാർശകളെല്ലാം സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രവർത്തനത്തെ സംബന്ധിച്ച് കമ്മിറ്റി ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ജീവനക്കാരെ മൂന്നായി തരം തിരിച്ച് വിവിധ വിഭാഗങ്ങൾക്ക് ചില സ്വാതന്ത്ര്യങ്ങൾ അനുവദിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രത്യേകിച്ച് യാതൊരു സൂപ്പർവൈസറി റോളും ഇല്ലാത്ത താഴ്ന്ന ഗവൺമെന്റ് ജീവനക്കാർക്ക് പരിപൂർണ്ണമായ രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഇടനിലയ്ക്ക്, സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ പെട്ട വിഭാഗത്തിന് പരിമിതമായ ചില സ്വാതന്ത്ര്യങ്ങൾ കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഓഫീസർ കാറ്റഗറിയിൽ ഉൾപ്പെടുന്നവർക്ക് ഇന്നത്തെ നിലയിൽ തന്നെ തുടരണമെന്നുമാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

ശ്രീ. എം. വി. രാഘവൻ: ഈ റിപ്പോർട്ട് എന്തുകൊണ്ട് ഒന്നു പ്രസിദ്ധപ്പെടുത്തിക്കൂടാ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഗവൺമെന്റ് അതു സംബന്ധിച്ച് ഒരു തീരുമാനം എടുത്തിട്ട് റിപ്പോർട്ടു പ്രസിദ്ധീകരിക്കുന്നതായിരിക്കും നല്ലതെന്ന് എനിക്ക് തോന്നുന്നു. അതിന്നു മുമ്പ് അതു പാടില്ലെന്ന് ഒന്നും നിർബന്ധമില്ല. ആലോചിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർക്കാരിന്റെ മുമ്പിൽ വരുന്ന റിപ്പോർട്ടുകളുടെ സ്ഥിതി നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിന്റെ ഗതി കൊണ്ടു തന്നെ മനസ്സിലായി. അതിന്റെ റിപ്പോർട്ട് 1970-ൽ കിട്ടി, 1979-ൽ അത് ശരിപ്പെടുത്തി. 1973-ൽ കിട്ടിയ ഈ റിപ്പോർട്ടിലെ നിരവധി ശുപാർശകളിൽ ഒന്നു മാത്രമാണ് ഇതുവരെ നടപ്പാക്കിയത്. രാഷ്ട്രീയ സ്വാതന്ത്ര്യം എന്നുള്ളത് പത്രത്തിലൊക്കെ വന്നതാണ്. അതു സംബന്ധിച്ച് ഗവൺമെൻറിന്റെ നയമെന്താണ്? ഒരു സമയപരിധിക്കകത്ത് ഇതും മറ്റു ശുപാർശകളും നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സംബന്ധിച്ച നയം ഗവൺമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ല. അത് ആലോചിക്കാനിരിക്കുന്നതേയുള്ളു. എന്നാൽ മറ്റു പല ശുപാർശകളുടേയും പ്രോസസിംഗ് മിക്കവാറും കഴിഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ഫിനാൻസ് സെക്രട്ടറിയും പബ്ലിക് സെക്രട്ടറിയും അംഗങ്ങളും ആയുള്ള ഒരു കമ്മിറ്റി പ്രോസസിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. ചിലത് ക്യാബിനറ്റിന്റെ മുമ്പിൽ തന്നെ വന്നു കഴിഞ്ഞിട്ടുണ്ട്. വളരെ വേഗം അതു തീരുമാനമാകും. ഇത്രയുമായി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത്രയുമായ സ്ഥിതിയ്ക്ക് റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് ഇത്ര കാലത്തിനകത്ത് അവസാന തീരുമാനമെടുക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കൃത്യമായിട്ട് ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. കാലതാമസമുണ്ടായി എന്നു ഞാൻ തന്നെ സമ്മതിക്കുകയുണ്ടായി. മേലിൽ കാലതാമസം ഒഴിവാക്കുകയും എത്രയും പെട്ടെന്ന് തീരുമാനം എടുക്കുകയും ചെയ്യുമെന്നു മാത്രമേ പറയാൻ പറ്റുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: റിപ്പോർട്ടു കിട്ടിയിട്ട് അഞ്ചു വർഷമായി. ഇതിനകത്ത് ഹൗസിംഗിന്റെ കാര്യം മാത്രമാണ് തീരുമാനിച്ചിട്ടുള്ളത്. ജീവനക്കാരെ ബാധിക്കുന്ന മറ്റു പല ശുപാർശകളും ഉണ്ട്. പരിശോധന തുടങ്ങിയിട്ട് എട്ടു വർഷമായി. ഈ പരിശോധനയ്ക്ക് ഇനി എത്ര സമയം വേണ്ടിവരും. ആ സമയത്തിനിടയ്ക്ക് സർവ്വീസ് സംഘടനകളെല്ലാം കൂടി സംഘടിതമായി ആവശ്യപ്പെട്ട ഒരു കാര്യമുണ്ട്. കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കെ. എസ്. ആർ.-ലെ 14 (എ) എടുത്തു കളയണം എന്ന ശുപാർശ ഉണ്ട്. എല്ലാ സർവ്വീസ് സംഘടനകളും യോജിച്ചു നടപ്പാക്കണമെന്നു പറഞ്ഞ ഒരു ശുപാർശയാണ് ഇത്. ഇത് നടപ്പാക്കാൻ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ പൊതുവായി ഈ ചോദ്യത്തിനു മറുപടി പറഞ്ഞു കഴിഞ്ഞു. ഈ സമയത്ത് ഏതെങ്കിലും പ്രത്യേകകാര്യം നടപ്പാക്കുമോയെന്ന് ഖണ്ഡിതമായി പറയാൻ സാധിക്കുകയില്ല. മന്ത്രിസഭാ യോഗം തന്നെ പരിശോധിക്കേണ്ട വിഷയമാണ്. അതിനു മുമ്പ് ഏതെങ്കിലും തരത്തിൽ ഖണ്ഡിതമായി ഒരു മറുപടി പറയാൻ അശക്തനാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: എത്ര കാലത്തിനകത്ത് ഈ ശുപാർശകളിൻമേൽ ഒരു തീരുമാനം എടുക്കാൻ കഴിയുമെന്നു പറയുമോ? തള്ളുകയോ കൊള്ളുകയോ ചെയ്യുക. അത് എത്ര കാലത്തിനകം എന്നു പറയുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മറുപടി പറഞ്ഞു. ശ്രീമാൻ രാമകൃഷ്ണന്റെ ചോദ്യത്തിനു മറുപടി പറഞ്ഞു കഴിഞ്ഞു. ഒരു ഡേറ്റ് ലൈൻ ഫിക്സു ചെയ്യാൻ പറ്റുകയില്ല. ബഹുമാനപ്പെട്ട മെമ്പറൻമാർ ഊഹിക്കുന്നതിനേക്കാൾ വേഗത്തിലായിരിക്കും.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ഈ മന്ത്രിസഭയുടെ കാലാവധിക്കു മുമ്പു തന്നെ നടപ്പാക്കാൻ കഴിയുമെന്നു ഉറപ്പു തരാൻ കഴിയുമോ?

മി. സ്പീക്കർ: അത് ഇപ്പോൾ എങ്ങനെ പറയാൻ കഴിയും.

ശ്രീ. കെ. ചന്ദ്രശേഖരൻ: പല റൂളുകളുടെ കാര്യത്തിലും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും കോൺഡക്റ്റു റൂളിനുള്ള ഭേദഗതി വളരെപ്രധാനപ്പെട്ടതും ഫ്യൂഡൽ സമ്പ്രദായത്തിലെ പല വ്യവസ്ഥകളും ഇന്നും അതിൽ നിലനിൽക്കുന്നതും ആയതുകൊണ്ട് വിപ്ലവകരമെന്നു ഞാൻ പറയുന്നില്ലെങ്കിലും കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കോൺഡക്റ്റു റൂൾസിനുള്ള ഭേദഗതികൾ മുൻഗണന കൊടുത്ത് പരിഗണിച്ചു നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ രാജ്യത്തെ വിവിധ സർവ്വീസ് സംഘടനകളും ഏകകണ്ഠമായി ഉന്നയിച്ചിട്ടുള്ള ഒരു ആവശ്യം ഡയസ്നോൺ എടുത്തു കളയണമെന്നുള്ളതാണ്. അതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിന്റെ നിലപാട് എന്താണ്? ഈ രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പിന്തുണ കൊടുക്കുന്ന സർവ്വീസ് സംഘടനകൾ ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങയുടെ കക്ഷിക്ക് പിന്തുണ കൊടുക്കുന്ന സർവ്വീസ് സംഘടനയും ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ച നിലപാട് എന്താണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഡയസ്നോൺ എടുത്തു കളയാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. പി. ഗോവിന്ദൻനമ്പ്യാർ: ഇൻഡ്യയിലെ മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ ഗവൺമെൻറ് ജീവനക്കാർക്ക് രാഷ്ട്രീയസ്വാതന്ത്ര്യം അനുവദിച്ചതായി ഗവൺമെൻറിന് അറിയാമോ. കേരളത്തിൽ ഉള്ള മാതിരിയുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം മറ്റു സംസ്ഥാനങ്ങളിൽ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് പറയാൻ മാത്രമുള്ള വിവരമില്ല. മറ്റു സംസ്ഥാനങ്ങളിൽ രാഷ്ട്രീയസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് മറുപടി പറയാനുള്ള വിവരമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇൻഡ്യൻ പ്രധാനമന്ത്രി മൊറാർജി ദേശായി ഇൻഡ്യയിലെ സംസ്ഥാനഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കും കേന്ദ്ര ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കും രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള പല അഭിപ്രായങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കമ്മിറ്റിയുടെ ശുപാർശയിൽ രാഷ്ട്രീയസ്വാതന്ത്ര്യം എന്നു വിവക്ഷിക്കുന്നത് രാഷ്ട്രീയപ്രവർത്തനം മാത്രമേയുള്ളോ, അതോ നിയമസഭയിലേയ്ക്കും പാർലമെൻറിലേയ്ക്കും മൽസരിക്കാനുള്ള അവകാശമുണ്ടോ? അങ്ങനെ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കണമെന്ന ശുപാർശയുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് പീപ്പിൾസ് റെപ്രസൻേറഷൻ ആക്റ്റിനുള്ള ഭേദഗതിയും ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതിൽ ഫ്രീ കാറ്റഗറി എന്ന ഒരു വിഭാഗമുണ്ട്. അവർക്ക് പരിപൂർണ്ണമായ രാഷ്ട്രീയ സ്വാതന്ത്ര്യം എന്നാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ അതിന്റെ ഇംപ്ലിക്കേഷൻ തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ മൽസരിക്കാമെന്നാണ്. റെസ്ട്രിക്ടഡ് കാറ്റഗറി എന്നു പറയുന്ന മറ്റൊരു വിഭാഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗത്വം സ്വീകരിക്കാമെന്നും രാഷ്ട്രീയ പാർട്ടികളിൽ അംഗത്വം സ്വീകരിക്കാമെന്നും ആണ്. പക്ഷേ, പാർട്ടിയുടെ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാൻ പാടില്ല. ഇതാണ് കമ്മിറ്റിയുടെ ശുപാർശ.

LIBRARY ARCHIVES Kerala Legislative Assembly